പ്രവർത്തനങ്ങളെ സംബന്ധിച്ച്; കുറേ പോയതുപോലെ എന്നൊക്കെ പറയുന്നത്, അത്രയും അപലപനീയമായ രീതിയിൽ പ്രതിപക്ഷ നേതാവ് ഉന്നയിച്ചത് ശരിയാണോ?

ശ്രീ. ഇ. കെ. നായനാർ: ഒരു പാർട്ടിയും പോയിട്ടില്ലായെന്ന് പറഞ്ഞു.

2. കേരളത്തിലെ നെൽക്കൃഷിക്കാരുടെ പ്രശ്നങ്ങൾ

ശ്രീ. കെ. പി. പ്രഭാകരൻ: സർ, ഈ സഭയുടെ കഴിഞ്ഞ സമ്മേളനത്തിൽ പല തവണയും ചർച്ചയ്ക്ക് വിധേയമായ ഒരു കാര്യമായിരുന്നു കേരളത്തിലെ നെൽക്കൃഷിക്കാരുടെ ഇന്നത്തെ പരിതാപകരമായ അവസ്ഥയും അതിന് പരിഹാരം കാണുന്നതിന് ജനാർദ്ദനൻ നായർ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കുന്ന പ്രശ്നവും. ആ സന്ദർഭങ്ങളിൽ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഗവൺമെൻറിനുവേണ്ടി ഈ സഭയിൽ ഒരു പ്രഖ്യാപനം നടത്തി. ജനാർദ്ദനൻ നായർ കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകളുടെയും അതു സംബന്ധിച്ച് ഗവൺമെൻറ് നടത്തിയ പഠനങ്ങളുടെയും അടിസ്ഥാനത്തിൽ നെൽക്കൃഷിക്കാർക്ക് ചില ആനുകൂല്യങ്ങൾ നൽകണമെന്നാണ് ഗവൺമെൻറിൻറെ അഭിപ്രായമെന്നും അതിനെ സംബന്ധിച്ച് ഒരു തീരുമാനം ആ നിയമസഭാ സമ്മേളനം അവസാനിക്കുന്നതിനു മുമ്പ് എടുത്തു പ്രഖ്യാപിക്കുമെന്നും നവംബർ 10-ാം തീയതി ഉപധനാഭ്യർത്ഥനകളുടെ ചർച്ചയ്ക്ക് മറുപടി പറയുന്ന സന്ദർഭത്തിൽ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഈ സഭയിൽ പ്രഖ്യാപിച്ചതാണ്. നവംബർ 28-ന് സഭ പിരിയുന്നതിനു മുമ്പായി ഒരു തീരുമാനം പ്രഖ്യാപിക്കുമെന്നാണ് പറഞ്ഞത്. പക്ഷെ നവംബർ 27-ാം തീയതി സഭ പിരിഞ്ഞു. ആ സഭ പിരിയുന്നതുവരെയാതൊരു പ്രഖ്യാപനവും ഗവൺമെൻറിൻറെ ഭാഗത്തുനിന്നും ഉണ്ടായില്ല. അതിനിടയ്ക്ക് നവംബർ 6-ാം തീയതി മുതൽ ഈ സംസ്ഥാനത്തെ പ്രമുഖ അഞ്ച് കർഷക സംഘടനകളും ജനാർദ്ദനൻ നായർ കമ്മീഷൻ റിപ്പോർട്ടുൾപ്പെടെയുള്ള കാര്യങ്ങൾ നടപ്പാക്കുന്നതിനും കേരളത്തിലെ കൃഷിക്കാരുടെ പ്രധാന പ്രശ്നങ്ങൾ ഉന്നയിച്ചുകൊണ്ടും ഒരു സമരം നടത്തിവരികയാണ്. ആ സമരത്തെ സംബന്ധിച്ചും ഈ സഭയിൽ പരാമർശനങ്ങളുണ്ടായി. അത് ചർച്ച ചെയ്ത് പരിഹാരമുണ്ടാക്കാനുള്ള നടപടി സ്വീകരിക്കുമെന്ന് ധനകാര്യമന്ത്രിതന്നെ ഇവിടെ ഉറപ്പുനൽകി. നവംബർ 18-ാം തീയതി അതു സംബന്ധിച്ച് സംസ്ഥാനത്തെ എല്ലാ കർഷക സംഘടനകളുടെയും ഒരു കോൺഫറൻസ് മുഖ്യമന്ത്രിയും കൃഷി വകുപ്പു മന്ത്രിയും ധനകാര്യമന്ത്രിയുമെല്ലാം സംബന്ധിച്ചുകൊണ്ട് വിളിച്ചുകൂട്ടി ചർച്ചകളെല്ലാം നടത്തി. അടിയന്തിരമായി പരിഹാരം കാണേണ്ട കൃഷിക്കാരുടെ പ്രശ്നങ്ങളെ സംബന്ധിച്ച് ഗവൺമെൻറിന് ബോദ്ധ്യമുണ്ടെന്നും പറഞ്ഞു. അതിന് എന്തുമാത്രം സാമ്പത്തിക ബാദ്ധ്യത വരുമെന്നുള്ള കാര്യത്തെ സംബന്ധിച്ച് വ്യക്തമായും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുമായി വിശദമായി പരിശോധന നടത്തി തീരുമാനം പറയാമെന്നു പറഞ്ഞ് ആ ചർച്ചയും മാറ്റിവച്ചതാണ്. മിക്കവാറും നവംബർ 25-ാം തീയതി വീണ്ടും കൂടുമെന്ന ധാരണയായിരുന്നു. പക്ഷെ ആ ചർച്ച പിന്നീട് നടന്നില്ല. അങ്ങനെ ഈ സഭയിൽ നടത്തിയ രണ്ടു പ്രഖ്യാപനങ്ങളും.... ജനാർദ്ദനൻ നായർ കമ്മീഷൻ റിപ്പോർട്ടിനെ സംബന്ധിച്ചുള്ള തീരുമാനത്തിൻറെ അടിസ്ഥാനത്തിൽ നെൽക്കൃഷിക്കാർക്ക് നൽകുന്ന ആനുകൂല്യങ്ങളെ

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ച് തീരുമാനമെടുത്ത് പ്രഖ്യാപനം നടത്തുമെന്ന് പറഞ്ഞ കാര്യവും കർഷക സംഘടനകളുടെ സമരത്തെ സംബന്ധിച്ചിടത്തോളം ഒത്തുതീർപ്പുണ്ടാക്കുന്നതിനുവേണ്ടിയുള്ള കൂടിയാലോചന നടത്തുമെന്ന് പറഞ്ഞ കാര്യവും, ഈ സഭയിൽ നടത്തിയ രണ്ടു വാഗ്ദാനങ്ങളും ഇന്നുവരെ നിറവേറ്റപ്പെട്ടിട്ടില്ല. അതേസമയത്ത് എനിക്ക് മറ്റൊരു കാര്യം ചൂണ്ടിക്കാണിക്കാനുള്ളത് ധനകാര്യമന്ത്രിതന്നെ ഈ സഭ പിരിഞ്ഞതിനു ശേഷം ഡിസംബർ 20-ാം തീയതി കോട്ടയത്തുവച്ച് ചേർന്ന കർഷക കോൺഗ്രസ്സിന്റെ സമ്മേളനത്തിൽ ഈ പ്രശ്നങ്ങളെ സംബന്ധിച്ചിടത്തോളം ഗവൺമെന്റിന്റെ തീരുമാനങ്ങളാണ്, എന്നു പറഞ്ഞുകൊണ്ട് ചില പ്രഖ്യാപനങ്ങൾ നടത്തിയതായി ഈ സംസ്ഥാനത്തെ ഉത്തരവാദപ്പെട്ട പത്രങ്ങളെല്ലാം റിപ്പോർട്ട് ചെയ്യപ്പെട്ടിരുന്നുവെന്നാണ്. ഡിസംബർ 21-ാം തീയതി മലയാളമനോരമയും മാതൃഭൂമിയുമെല്ലാം കൃഷിക്കാർക്കുവേണ്ടി ഗവൺമെന്റ് ചെയ്യാൻ പോകുന്ന സഹായങ്ങളെ സംബന്ധിച്ച് ഒട്ടേറെ പ്രഖ്യാപനങ്ങൾ സമ്മേളനത്തിൽ നടത്തിയതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആ റിപ്പോർട്ട് തന്നെ മലയാളമനോരമയിൽ വന്നതും, മാതൃഭൂമിയിൽ വന്നതും വ്യത്യസ്ത രീതിയിലാണ്. ഇത് വായിക്കുന്ന കൃഷിക്കാരുടെ ഇടയിൽ ഇന്ന് ആശയക്കുഴപ്പമാണ്. 22 കോടി രൂപ നെൽക്കൃഷിക്കാർക്ക് കൊടുക്കാൻ പോകുന്നു, 75 കോടി രൂപയുടെ ഒരു പദ്ധതി നാളികേര കൃഷിക്കാരുടെ കൃഷി വികസനത്തിനുവേണ്ടി ആവിഷ്കരിച്ചിരിക്കുന്നു എന്നൊക്കെയാണ് പ്രഖ്യാപനങ്ങൾ. ഇത് എങ്ങനെയാണ് കൃഷിക്കാർക്ക് കൊടുക്കുന്നത്? മാതൃഭൂമിയിൽ പറയുന്നത് നെൽക്കൃഷിക്കാരുടെ ഉപയോഗം കഴിഞ്ഞ് അവർ വിൽക്കുന്ന നെല്ല് ക്വിന്റലിന് 50 രൂപയ്ക്ക് വാങ്ങുമെന്നാണ്. മനോരമ പറയുന്നു, നെൽക്കൃഷിക്കാർക്ക് ക്വിന്റലിന് 30 രൂപ ഉൽപ്പാദന ബോണസ് കൊടുക്കുമെന്ന്. ഇതിൽ ഏതാണ് കൃഷിക്കാർ വിശ്വസിക്കേണ്ടത്. ഇത് എങ്ങനെ കിട്ടുമെന്നാണ് ധരിക്കേണ്ടത്? ഇതൊക്കെ ഈ സഭയിൽ പ്രഖ്യാപിച്ചിരുന്നെങ്കിൽ ഞങ്ങൾക്ക് വ്യക്തമാകുമായിരുന്നു. ഇതൊക്കെ പ്രഖ്യാപിക്കുന്നത് കർഷക കോൺഗ്രസ്സിന്റെ സമ്മേളനത്തിൽ പോയിട്ടാണ്. കർഷക കോൺഗ്രസ്സിന്റെ, മന്ത്രിയുടെ തന്നെ രാഷ്ട്രീയ പാർട്ടിയുടെ നേതൃത്വത്തിലുള്ള കർഷക സംഘടനയുടെ യോഗത്തിൽ പോയിട്ടാണ്. ഈ സംസ്ഥാനത്തെ കൃഷിക്കാർക്ക് നൽകുന്ന ആനുകൂല്യങ്ങളെ സംബന്ധിച്ച്, സംസ്ഥാന ഖജനാവിൽ നിന്ന് ചെലവഴിക്കേണ്ട പണത്തെ സംബന്ധിച്ച് സഭയിൽ പ്രഖ്യാപിക്കാമെന്ന് പറഞ്ഞ കാര്യങ്ങൾ ഇവിടെ പ്രഖ്യാപിക്കാതെ സ്വന്തം കക്ഷിയുടെ യോഗത്തിൽ പോയി പ്രഖ്യാപിക്കുക, അതുതന്നെ വളരെ അവ്യക്തമായി, വ്യത്യസ്തമായ രീതിയിൽ പത്രങ്ങളിൽ വരിക. കൃഷിക്കാർ ഇന്ന് എന്തെങ്കിലും സഹായധനം പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയാണ്. കൃഷിക്കാർ ഇന്ന് ആശയക്കുഴപ്പത്തിലായിരിക്കുകയാണ്. അതുകൊണ്ട് എന്താണ് കൃഷിക്കാർക്ക് ജനാർദ്ദനൻ നായർ കമ്മീഷൻ റിപ്പോർട്ടിൻമേൽ ഗവൺമെന്റ് എടുത്ത തീരുമാനം. ഉൽപ്പാദന ബോണസ് എന്നു പറഞ്ഞ് അവിടെ പ്രസംഗിച്ചത് ശരിയാണെങ്കിൽ അത് എങ്ങനെ കൊടുക്കാൻ പോകുന്നു? അത് എത്ര കൃഷിക്കാർക്ക് ലഭ്യമാകും? സബ്സിഡി എല്ലാ കൃഷിക്കാർക്കും കൊടുക്കുമെന്ന് പറഞ്ഞു. അത് ഏതു റേറ്റുവച്ച് എങ്ങനെ കൊടുക്കുന്നു? കുടിശ്ശികയുള്ളത് മുഴുവൻ ജനുവരിയിൽ തന്നെ കൊടുക്കുമെന്ന് പറഞ്ഞു. ഇതിന്റെയൊക്കെ വ്യക്തമായ തീരുമാനങ്ങൾ എന്താണെന്ന് ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയോ, കൃഷി വകുപ്പുമന്ത്രിയോ, മുഖ്യമന്ത്രിയോ

LIBRARY ARCHIVES Kerala Legislative Assembly

ആരെങ്കിലും ഈ ഗവൺമെൻറിനുവേണ്ടി ഈ സഭയിൽ ഒന്ന് വ്യക്തമാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ): സർ, ബഹു മാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചതുപോലെ കഴിഞ്ഞ ബഡ്ജറ്റിന്റെ പൊതു ചർച്ച നടന്ന അവസരത്തിൽ ഈ ഗവൺമെൻറിന്റെ കർഷകരോടുള്ള സമീപനം ഇന്നതായിരിക്കുമെന്ന് സൂചിപ്പിക്കുകയുണ്ടായി. ഇക്കഴിഞ്ഞ നിയമസഭാ സമ്മേളനം നടന്ന അവസരത്തിൽ കൃഷിക്കാരെ സംബന്ധിച്ച് ചില കാര്യങ്ങൾ സഭ അവസാനിക്കുന്നതിനുമുമ്പായി നടത്തുന്നതിന് ഗവൺമെൻറ് ശ്രമിക്കുന്നതാണെന്ന് ഈ സഭയിൽ പറഞ്ഞത് ശരിയാണ്. നിയമസഭാ സമ്മേളനം നടക്കുന്ന അവസരത്തിൽ തന്നെ പ്രതിപക്ഷനേതാക്കൻമാരുടെ നേതൃത്വത്തിൽ ഈ സെക്രട്ടേറിയറ്റിന്റെ മുമ്പിലും, എല്ലാ ജില്ലാ കളക്ടറേറ്റിന്റെ മുമ്പിലുമായി കഴിഞ്ഞ അമ്പതോ അമ്പത്തിരണ്ടോ ദിവസമായി സമരം നടക്കുകയാണ്. മുഖ്യമന്ത്രി വിളിച്ചുകൂട്ടിയ കോൺഫറൻസിൽവച്ച് കൃഷിക്കാർക്കുവേണ്ടി ഇന്നയിന്ന കാര്യങ്ങളാണ് ചെയ്യാൻ ആഗ്രഹിക്കുന്നതെന്നും, അതിന്റെ സാമ്പത്തിക ബാദ്ധ്യതയെക്കുറിച്ച് പരിശോധിക്കാൻ ഡിപ്പാർട്ടുമെൻറുകളോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും, നെൽക്കൃഷിക്കാർക്ക് ഇന്നയിന്ന കാര്യങ്ങളാണ് ചെയ്യാൻ പോകുന്നത്, നാളികേര കൃഷിക്കാർക്ക് ഇന്നയിന്ന കാര്യങ്ങളാണ് ചെയ്യാൻ പോകുന്നത് എന്നൊക്കെ പറഞ്ഞിട്ടുണ്ട്. നാളികേര കൃഷിക്കാരെ സംബന്ധിച്ചിടത്തോളം 75 കോടി രൂപയുടെ ഇൻസ്റ്റിറ്റിറ്റ്യൂഷണൽ ഫിനാൻസ് അടക്കം ബാദ്ധ്യത വരുന്ന ഒരു മെമ്മോറാണ്ടം, ഈ സമരത്തിനും ചർച്ചയ്ക്കും മുമ്പുതന്നെ, കേന്ദ്ര ഗവൺമെൻറിന് സമർപ്പിക്കുകയും കേന്ദ്ര ഗവൺമെൻറ് തത്വത്തിൽ അത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. എൻ. സി. ഡി. സി. യുടെയും, നബാർഡിന്റെയും അതുപോലെ കേന്ദ്ര ഗവൺമെൻറിന്റെ വിഹിതമെല്ലാം ചേർത്തിട്ടുള്ള ഒരു സഹായമാണ് അക്കാര്യത്തെ സംബന്ധിച്ചിടത്തോളം നാളികേര കൃഷിക്കാർക്കുള്ളത്. നെൽക്കൃഷിക്കാരെ സംബന്ധിച്ചിടത്തോളം ഞാൻ കോട്ടയത്ത് പറഞ്ഞതെന്ന് ബഹുമാനപ്പെട്ട ശ്രീ. കെ. പി. പ്രഭാകരൻ പറഞ്ഞത്, ഗവൺമെൻറിന്റെ മുമ്പിൽ ഇപ്പോഴും സമർപ്പിച്ചിരിക്കുന്ന നിർദ്ദേശം ഏകദേശം 22 കോടി രൂപയോളം ബാദ്ധ്യതയുണ്ടാക്കുന്നതും, നെൽക്കൃഷിക്കാരെ സംബന്ധിച്ചിടത്തോളം ഒരു കിൻറലിന് ഏകദേശം 50 രൂപ വരെ പ്രൊഡക്ഷൻ ബോണസ് കൊടുക്കുകയും ചെയ്യണമെന്നുള്ള നിർദ്ദേശമാണ് ഗവൺമെൻറിന്റെ പരിഗണനയിലിരിക്കുന്നത്. സർ, ഇത് പ്രതിപക്ഷ നേതാക്കൻമാർ ആവശ്യപ്പെട്ടിട്ടാണ് കൊടുത്തത്. ഞങ്ങൾ ജനാധിപത്യത്തിൽ വിശ്വസിക്കുന്ന ഒരു ഗവൺമെൻറായതുകൊണ്ട് പ്രതിപക്ഷത്തിന്റെ നേതൃത്വത്തിൽ നടക്കുന്ന സമരത്തെ സംബന്ധിച്ച് 27-ാം തീയതി കോൺഫറൻസ് വിളിച്ചുകൂട്ടാമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സമ്മതിച്ചിരുന്നതാണ്. എന്നാൽ മുഖ്യമന്ത്രിക്ക് അടിയന്തിരമായി ഡൽഹിയിൽ പോകേണ്ടിവന്നതുകൊണ്ട് ഇന്ന് വൈകിട്ട് 5 മണിക്ക് അക്കാര്യത്തെക്കുറിച്ച് ചർച്ച ചെയ്യാൻവേണ്ടി ഒരു യോഗം വിളിച്ചുകൂട്ടിയിരിക്കുകയാണ്. കഴിഞ്ഞ മാസം 15-ാം തീയതി വിളിച്ചുകൂട്ടിയ യോഗത്തിൽ കൃഷിക്കാരുടെ പ്രശ്നത്തെ സംബന്ധിച്ചിടത്തോളം ഭരണകക്ഷിയെന്നോ, പ്രതിപക്ഷമെന്നോ ഉള്ള വ്യത്യാസം ആരും ഉന്നയിച്ചിട്ടില്ല. അതുകൊണ്ട് ഇന്ന് വൈകുന്നേരം 5 മണിക്ക് മുഖ്യമന്ത്രിയുടെ

LIBRARY ARCHIVES Kerala Legislative Assembly

സാന്നിദ്ധ്യത്തിൽ കൃഷിവകുപ്പു മന്ത്രിയും, ഞങ്ങളുമെല്ലാം പങ്കെടുക്കുന്ന ഒരു കോൺഫറൻസ് നടക്കുന്നതാണ്. ഈ സമയം നടക്കുന്ന അവസരത്തിൽ ജനാധിപത്യ മര്യാദയനുസരിച്ച് ഏക പക്ഷീയമായ് തീരുമാനമെടുക്കുന്നത് ശരിയല്ലെന്നുള്ളതുകൊണ്ടാണ് ഒരു തീരുമാനമെടുക്കാതിരുന്നത്. അതിനെക്കുറിച്ച് മുഖ്യമന്ത്രിയും എറണാകുളത്തുവച്ച് പ്രസ്താവിച്ചിട്ടുണ്ട്. ഇന്ന് ചർച്ച ചെയ്ത തിനുശേഷം അക്കാര്യത്തെ സംബന്ധിച്ചിടത്തോളം ഞങ്ങളുടെ തീരുമാനം സഭയിൽ അറിയിക്കുന്നതിന് ഗവൺമെൻറിന് ബുദ്ധിമുട്ടില്ല. ആ ഒരു ജനാധിപത്യ മര്യാദ സ്വീകരിച്ചതു കൊണ്ടാണ് കഴിഞ്ഞ നിയമസഭയുടെ അവസാനം ഇത് അവതരിപ്പിക്കാതിരുന്നത്.

VI. ക്രമപ്രശ്നം

അടിയന്തിര നോട്ടീസിൻമേൽ നിയമസഭാ സമ്മേളനം വിളിച്ചുകൂട്ടൽ

ശ്രീ. ബേബിജോൺ: സർ, ഒരു പോയിൻറ് ഓഫ് ഓർഡർ റെയിസ് ചെയ്യാനുള്ള അനുവാദം ഞാൻ ചോദിക്കുകയാണ്. ഈ സഭ ഇപ്പോൾ വിളിച്ചുകൂട്ടിയിരിക്കുന്നത് മൂന്നു ദിവസത്തേക്കാണ്. അങ്ങേയ്ക്കറിയാം, ഈ സഭ വിളിച്ചുകൂട്ടാൻ നോട്ടീസ് തന്നത് കമ്പിയടിച്ചാണ്. പിന്നാലെ എഴുത്തും ക്ഷണവുമായി. കമ്പിയടിക്കുക എന്നുള്ളത് ഒരു അസാധാരണ സംഭവമല്ലേ? ഇതിന് മുൻപൊരിക്കലും ഇങ്ങനെയുണ്ടായിട്ടുണ്ടോ? ഇല്ല. തിരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങളുടെ അവകാശങ്ങളെ കർട്ടയിൽ ചെയ്യുന്നതാണ്. ഞങ്ങൾക്ക് ചോദ്യം ചോദിക്കാനുള്ള അവകാശമുണ്ട്. ഷോർട്ട് നോട്ടീസ് ക്വസ്റ്റ്യൻ ചോദിക്കാമെന്ന് പറഞ്ഞാൽ എത്ര ഷോർട്ട് നോട്ടീസ് ക്വസ്റ്റ്യൻ ചോദിക്കാം? ഒരു നിയമസഭാംഗത്തിൻറെ പരമമായ അവകാശങ്ങളിലൊന്നാണ് ചോദ്യം. ചോദിക്കുകയും വിവരങ്ങൾ അറിയുകയും ചെയ്യുക എന്നുള്ളത്. അത് നിഷേധിച്ചിരിക്കുകയാണ്. സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിലാണ് സഭ പെട്ടെന്ന് വിളിച്ചു കൂട്ടിയതെന്നാണ് പറയുന്നതെങ്കിൽ ഒന്നുകിൽ വിധി വന്നപ്പോൾ കൂടാമായിരുന്നു. അല്ലെങ്കിൽ തുടർന്നും കൂടാമായിരുന്നു. ഗവർണ്ണറുടെ പ്രസംഗം ഇടയ്ക്ക് വന്നുപോകുമെന്നുള്ളതുകൊണ്ടാണോ മൂന്നു ദിവസത്തെ സമ്മേളനമായി ചുരുക്കി, നോട്ടീസില്ലാതെ ഇങ്ങനെ ഒരു നടപടിയുമായി വന്നിരിക്കുന്നത്? ഇത് അംഗങ്ങളുടെ അവകാശ ലംഘനമാണ്. സർ, ബില്ലുകളും മുഴുവനും ഇതുവരെ കിട്ടിക്കഴിഞ്ഞിട്ടില്ല. കിട്ടാത്ത ബില്ലിനെക്കുറിച്ച് ഭേദഗതി അവതരിപ്പിക്കുകയും, ചർച്ച നടത്തുകയും ചെയ്യണമെന്ന് വന്നാൽ ഉണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ അങ്ങ് മനസ്സിലാക്കണം. അതിനുവേണ്ടിയാണ് ഞാൻ ഇതൊക്കെ പറയുന്നത്. അതുപോലെതന്നെ ഷെഡ്യൂൾ ചെയ്തിരിക്കുന്ന സമയം വച്ച് നോക്കുമ്പോൾ ഞാൻ മനസ്സിലാക്കിയിരിക്കുന്നത് അഞ്ച് ബില്ലുണ്ടെന്നാണ്. എന്നാൽ ഇപ്പോൾ മനസ്സിലാക്കുന്നത് ഏഴ് ബില്ലുണ്ടെന്നാണ്. അതിൽ രണ്ടു ബില്ലു പെൻഷനേറതാണ്. ഇത്രയും ബില്ലുകൾക്ക് വേണ്ടി നിശ്ചയിച്ചിരിക്കുന്നത് മൂന്നു ദിവസമാണ്. ഭരണഘടന അനുശാസിക്കുന്നതനുസരിച്ച് ഒരു സപ്ലിമെൻററി ഡിമാൻറ് അവതരിപ്പിക്കുന്നതിന് ഒരുദിവസം പോയിക്കഴിഞ്ഞാൽ മൂന്നു ദിവസത്തിൽ പിന്നെ രണ്ടു ദിവസമാണുള്ളത്. ആ രണ്ടുദിവസംകൊണ്ടാണ് അഞ്ചു ബിൽ ചർച്ച

LIBRARY ARCHIVES Kerala Legislative Assembly